6) വെള്ളാപ്പള്ളി ആന്റ് അസോസിയേറ്റ്സ്, കോട്ടയം.

7) ചൈന നാഷണൽ വാട്ടർ റിസോഴ്സ് ആന്റ് ഹൈഡ്രോ പവർ എഞ്ചിനീയറിംഗ് കോർപ്പറേഷൻ (ഡബ്ല്യൂ.എച്ച്.ഇ.സി) ചൈന (ചൈന നാഷണൽ മെഷീനറി ആൻഡ് എക്സ്പോർട്ട് കോർപ്പറേഷൻ (സി.എം.ഇ.സി) എന്നീ ഫേമുമായുള്ള ജോയിന്റ് വെഞ്ചർ)

8) ഹിന്ദുസ്ഥാൻ സ്റ്റീൽ കൺസ്ട്രക്ഷൻ വർക്സ്, കൽക്കത്ത. പ്രൈസ്ബിൽ സമർപ്പിക്കുന്നതിന് മുന്നോടിയായി യോഗ്യതാ നിർണ്ണയത്തിന് വേണ്ട വിശദാംശങ്ങൾ മാത്രമേ മേൽ പറഞ്ഞ കംപനികൾ നൽകിയിട്ടുള്ളു.

(എഫ്) ഇല്ല.

(ജി) പ്രസക്തമല്ല.

(എച്ച്) കേരള പവർ ഫിനാൻസ് കോർപ്പറേഷൻ അതിരപ്പള്ളി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതിനുവേണ്ടി പ്രോജക്ട് സംബന്ധമായ വിവരങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ബോർഡ് അവ നൽകിയിട്ടുണ്ട്.

127 (2505) കായംകുളം താപ വൈദ്യുത പദ്ധതി

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സി.എഫ് തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപ വൈദ്യുത പദ്ധതിയിൽ നിന്നും കഴിഞ്ഞ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ബോർഡിന് ലഭിച്ച വൈദ്യുതിയുടെ കണക്ക് വ്യക്തമാക്കുമോ; ഓരോ മാസവും എത്ര രൂപയാണ് എൻ.ടി.പി.സി. യ്ക്ക് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) 1999-2000 സാമ്പത്തികവർഷത്തിൽ കായംകുളം താപ വൈദ്യുത പദ്ധതിയിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇലക്ട്രിസിറ്റി ബോർഡ് വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എൻ.ടി.പി.സി യുടെ കേരളത്തിനു പുറത്തുള്ള വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയ്ക്ക് ഇലക്ട്രിസിറ്റി ബോർഡ് നൽകുന്ന വില എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കായംകുളം താപ വൈദ്യുത പദ്ധതിയിൽ നിന്നും 1999 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ലഭിച്ച വൈദ്യുതിയുടെ കണക്കും, നൽകിയ വിലയും ചുവടെ ചേർക്കുന്നു.

മാസം	മില്യൺ യൂണിറ്റ്	തുക(രൂപയിൽ)
മാർച്ച് 99	71.707	19,77,44,250
ഏപ്രിൽ 99	121.708	33,46,97,000
മേയ് 99	154.509	42,48,99,750(താൽക്കാലികം)

(ബി) ഇപ്പോഴത്തെ ഉൽപ്പാദന തോത് അനുസരിച്ച് 1226 മില്യൺ യൂണിറ്റ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു യൂണിറ്റ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്നും (രാമഗുണ്ടം) വാങ്ങുന്നതിന് എൻ.ടി.പി.സി ക്കു നൽകുന്ന വില 103 പൈസ ആണ്. ഇതിനു പുറമേ യൂണിറ്റിന് 13 പൈസ നിരക്കിൽ പ്രസരണ ഇനത്തിലും ചിലവാകുന്നുണ്ട്.

128 (2506) ജലവൈദ്യുത പദ്ധതികൾ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജല വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന നാല് ജല വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു.

1) പേപ്പാറ ചെറുകിട ജല വൈദ്യുത പദ്ധതി - 3 മെഗാവാട്ട് - 1996.
2) ലോവർ പെരിയാർ ജല വൈദ്യുത പദ്ധതി - 180 മെഗാവാട്ട്.
3) മാട്ടുപ്പെട്ടി ചെറുകിട ജല വൈദ്യുത പദ്ധതി -2 മെഗാവാട്ട്.
4) പെരിങ്ങൽകുത്ത് ഇടതുകര വികസന പദ്ധതി - 16 മെഗാവാട്ട് - 1999.

129 (2507) കണ്ണൂരിൽ ആരംഭിക്കുവാൻ തീരുമാനിച്ച താപനിലയം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുരാഷ്ട്ര കമ്പനിയായ എൻറോണുമായി കൂട്ടുചേർന്നു കൊണ്ട് കെ.പി.പി. എന്ന സ്ഥാപനം കണ്ണൂരിൽ ആരംഭിക്കുവാൻ തീരുമാനിച്ച താപനിലയത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംരംഭത്തിൽ നിന്നും എൻറോൺ പിൻമാറും എന്നുള്ള വാർത്ത ശരിയാണോ?

ഉത്തരം

(എ) ഈ താപനിലയത്തിനുള്ള സാമ്പത്തിക സാങ്കേതികാനുമതി കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയിൽ നിന്നും ലഭിച്ചില്ല.

(ബി) എൻറോണുമായി കൂട്ടുചേർന്നുള്ള സംരംഭം സംസ്ഥാന സർക്കാർ നയപരമായി അംഗീകരിക്കുന്നില്ല എന്നുള്ള വിവരം സർക്കാർ തന്നെ കണ്ണൂർ പവർ പ്രോജക്റ്റ് പ്രൈവറ്റ് ലിമിറ്റഡിനേയും കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയേയും അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ഒരു നിർദ്ദേശം കണ്ണൂർ പവർ പ്രോജക്റ്റ് പ്രൈവറ്റ് ലിമിറ്റഡ് സംസ്ഥാന വൈദ്യുതി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly